**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2851** **13-02-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ മുഖേന 2021-22 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയാണ് സമാഹരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; എത്ര കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞുവെന്ന് അറിയിക്കുമോ; | (എ) | 2021-22 സാമ്പത്തിക വർഷത്തിൽ നടന്ന 42-ാമത് നിക്ഷേപ സമാഹരണ യജ്ഞം വഴി സംസ്ഥാനത്തെ നിക്ഷേങ്ങൾ സ്വീകരിക്കുന്ന സഹകരണ സ്ഥാപനങ്ങൾ വഴി ആകെ 6000 കോടി രൂപ സമാഹരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ടി വർഷം നിക്ഷേപ സമാഹരണ യജ്ഞം വഴി നിക്ഷേപത്തിൽ ആകെ 9967.43 കോടി രൂപയുടെ അറ്റ വർദ്ധനവ് ഉണ്ടായിട്ടുണ്ട് . |
| (ബി) | 2022-23 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയാണ് ലക്ഷ്യമിട്ടത്; എത്ര കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞു; മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം കുറവാണുണ്ടായത്; വ്യക്തമാക്കുമോ? | (ബി) | 2022-23 സാമ്പത്തിക വർഷത്തിൽ നടന്ന 43-ാമത് നിക്ഷേപ സമാഹരണ യജ്ഞം വഴി സംസ്ഥാനത്തെ നിക്ഷേപങ്ങൾ സ്വീകരിക്കുന്ന സഹകരണ സ്ഥാപനങ്ങൾ വഴി ആകെ 9000 കോടി രൂപ സമാഹരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ടി വർഷം നിക്ഷേപ സമാഹരണ യജ്ഞം വഴി നിക്ഷേപത്തിൽ ആകെ 8646.35 കോടി രൂപയുടെ അറ്റ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. മുൻ വർഷത്തെ അപേക്ഷിച്ച് നിക്ഷപത്തിന്റെ അറ്റ വർദ്ധനവിൽ 13.25% കുറവ് ഉണ്ടായിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ